
# ബഷീർ

## മുച്ചീട്ടുകളിക്കാരന്റെ മകൾ



മുച്ചീട്ടുകളിക്കാരൻെറ മകൾ എന്ന ഈ ചരിത്രകഥയുടെ സുന്ദരമായ ഗുണപാഠം നേരത്തേ അങ്ങു പറഞ്ഞേക്കാം. പക്ഷേ, പെൺപിള്ളേരുടെ എല്ലാം ആരോഗ്യത്തിനത്ര പററിയതല്ല മൊത്തത്തിൽ പെൺമക്കൾ... അവർ ഏതു പ്രായത്തിലുള്ളവരാണെങ്കിലും ശരി... കഴിയുന്നത്ര വേഗത്തിൽ... അവരെ ഒന്നടങ്കം വധിച്ചുകളയുക!

ഇതു കേട്ട് ആരും ക്ഷോഭിച്ച് ഇളകണ്ട! ഈ അഭിപ്രായം എൻെറ സ്വന്തമാണെന്നാരും വിചാരിക്കരുത്. ഇതിൽ യാതൊരു പങ്കും എനിക്കില്ല. ഞാൻ നിർദ്ദോഷിയാണ്; പഞ്ചപാവവുമാണ്. മഹിളാരത്നങ്ങളും അവരുടെ അനുഭാവികളും ആശ്രിതന്മാരും എന്നോടു വഴക്കിനൊന്നും വരരുത്. എന്നെ പ്രാകുകയും അരുത്..... ഇതു സംബന്ധമായി ആർക്കെങ്കിലും ന്യായമായ തോതിൽ വഴക്കിടണമെങ്കിൽ നേരെ ചൊവ്വേ ഒററക്കണ്ണൻ പോക്കരുടെ അടുത്താണു ചെല്ലേണ്ടത്. അദ്ദേഹമാകുന്നു ഈ ചരിത്രകഥയിലെ ദുഃഖിതനായ പ്രധാന നേതാവ്. ഇതിലെ വില്ലൻ മണ്ടൻമുത്തപായാണ്. പക്ഷേ, ആ വില്ലൻ ഒരു യുദ്ധവീരനായി, കഥാനായകനായി ഒററക്കണ്ണൻപോക്കരുമായി പൊരുതുന്ന മനോഹരകാഴ്ച നമുക്കു കാണാൻ സാധിക്കും. സൈനബയും പൊരുതുന്നുണ്ട്. ഇവരെക്കൂടാതെ സ്ഥലത്തെ രണ്ടു മൂരാച്ചികളായ പോലീസുകാർ, പിന്നെ മഹാകള്ളന്മാരായ തൊരപ്പൻ അവറാനും ഡ്രൈവർ പപ്പുണ്ണിയും. അവർ സ്ഥലത്തില്ല. അവരുടെ അഭാവത്തിൽ പൊരുതുന്നവരാണ് പൊൻകുരിശു തോമായെന്നും ആനവാരി രാമൻനായരെന്നും* പേരായ, സ്ഥലത്തെ കള്ളന്മാരിൽ രണ്ടു പ്രമാണികൾ. ആശ്രിതനായ എട്ടുകാലി മമ്മൂഞ്ഞ്, പിന്നെ അവരുടെ ആരാധകരായ അനുഭാവികൾ. ഇവരെ കൂടാതെ സ്ഥലവാസികളായ രണ്ടായിരത്തി ഇരുനൂറിലധികം ബഹുജനങ്ങൾ — അവരെല്ലാവരും തന്നെ സമാധാനത്തിൻെറ ആൾക്കാരാണ്. യുദ്ധക്കൊതിയരായ മൂരാച്ചികളല്ല. ഇത്രയും വിശേഷങ്ങളാണു മാലോകർ മനസ്സിലാക്കേണ്ടതെന്നു പറയാൻ ഈ വിനീത ചരിത്രകാരനു സന്തോഷമേയുള്ളു. പിന്നെ ലേശംകൂടി പറയാനുണ്ട്. ഈ ചരിത്രത്തിൽ വരുന്ന സ്ഥലവാസികളെ കൂടാതെ ആണും പെണ്ണുമായി ഒരു രണ്ടായിരത്തി അറുനൂറോളം വരത്തരുമുണ്ട്. അവർ ഈ ചരിത്രത്തിൽ ചൊവ്വാഴ്ചയും ശനിയാഴ്ചയുമേ വരൂ. വരു

* 'ആനവാരിയും പൊൻകുരിശും' എന്ന ചരിത്രം നോക്കുക.

ന്നതു ചന്തയിലാണ്. വാങ്ങാനും വിൽക്കാനും.... പൊതുവിൽ വലിയ ആരവമുണ്ടാക്കാനും; കശപിശയ്ക്കും.

അങ്ങനെയുളള ബഹുജനങ്ങളുടെ ചേരിയിൽ നിന്നു വേല ചെയ്യുന്ന രണ്ടു കലാകാരന്മാരാണ് മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻ പോക്കരും പോക്കററടിക്കാരൻ മണ്ടൻ മുത്തപായും.

സൈനബ ബഹുജനങ്ങളുടെ ചേരിയിലാണെങ്കിലും ബഹുജനങ്ങളുടെ കൂടെ ഒരിക്കലും അവളെ കാണുകില്ല. അവളുടെ കലാപ്രവർത്തനങ്ങളെല്ലാം രഹസ്യമായിട്ടാണ്.

അവൾ എന്തു ചെയ്തു?

അതോർക്കുമ്പോൾ ആരുടെയും കണ്ണുതളളിപ്പോകും! പെൺമക്കളെ ഒന്നിനെയെങ്കിലും വിശ്വസിക്കാൻ കഴിയുമോ? തന്തമാരുടെ കാര്യപരിപാടികളെ എന്തിന് അവരിങ്ങനെ ഗുലുമാലാക്കുന്നു? ഹാ! പെൺമക്കൾക്കറിയാമോ തന്തപ്പടികളുടെ മനോദുഃഖം?

ഇതെല്ലാം ഒററക്കണ്ണൻപോക്കരുടെ ചോദ്യങ്ങളാണ്. ഇതിനൊക്കെ എന്താണു സമാധാനം പറയുക?

ഈ വിനീത ചരിത്രകാരനായ ഞാൻ ഈ ചരിത്രത്തിലെ എല്ലാവരുമായി അഭിമുഖസംഭാഷണം നടത്തി. തുടക്കത്തിലേ ഞാൻ എൻെറ ധാർമികമായ പിന്തുണ ചിലർക്കു നൽകുകയും ചെയ്തു. അതാർക്കാണെന്നോ? ആകെക്കൂടി സംഗതി വളരെ ഗുലുമാലുപിടിച്ചതാണ്. ചരിത്രവിദ്യാർത്ഥികൾക്കുവേണ്ടി ആ ചരിത്രം ഞാൻ ഇവിടെ പതുക്കെ രേഖപ്പെടുത്താം.

തുടക്കം ബഹുമാനപ്പെട്ട ഒററക്കണ്ണൻ പോക്കരിൽ നിന്നായിക്കളയാം. അദ്ദേഹത്തിന് ഒരൊററക്കണ്ണേയുള്ളു. 'വൺ ഐസ് മങ്കി' എന്നു സ്ഥലത്തെ ചില ബുദ്ധിജീവികൾ അദ്ദേഹത്തെപ്പററി രഹസ്യമായി പറയാറുണ്ട്. സാരമില്ല. മറേറക്കണ്ണു പണ്ടെങ്ങോ അദ്ദേഹം ചെറുപ്പമായിരുന്ന കാലത്ത് ഏതോ ധർമസമരത്തിൽ പോയതാണ്. അദ്ദേഹത്തിന് ഇപ്പോൾ നാൽപത്തിഒമ്പതു വയസ്സുണ്ട്. ആൾ നല്ലവണ്ണം വെളുത്തതാണ്. അദ്ദേഹത്തിൻെറ വായിൽ ബാക്കിയുള്ള പല്ലുകളുടെ സത്യമായ നിറം എന്തെന്ന് ആർക്കും അറിഞ്ഞുകൂടാ. വെററില മുറുക്കുകാരനായതുകൊണ്ട് അതെല്ലാം നല്ല ചുവപ്പാണ്. ഒററക്കണ്ണൻപോക്കരെ സാധാരണമായി മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻ പോക്കർ എന്നു പറയും.

ഇത്രയും പറഞ്ഞതിൽനിന്നു മേല്പടിയാൻെറ ഓമനമകളാണ് സൈനബ എന്ന് ഇതിനകം ചരിത്രവിദ്യാർത്ഥികൾക്കു മനസ്സിലായല്ലോ. അവൾക്കു പത്തൊമ്പതു വയസ്സ്. സ്ഥലത്തെ പ്രധാന സുന്ദരി. അവളെ നല്ല പിടിപ്പുള്ള ഒരാൾക്കു കെട്ടിച്ചുകൊടുക്കണം. അതിനുവേണ്ടി ഒററക്കണ്ണൻ പോക്കർ കെണഞ്ഞു വേല ചെയ്യുന്നുണ്ടായിരുന്നു. ആയതിലേക്ക് അദ്ദേഹത്തിൻെറ പക്കൽ രൊക്കം നൂററിയിരുപതു രൂപായും ഉണ്ടായിരുന്നു.

മണ്ടൻമുത്തപാ പോക്കററടിക്കാരനാകുന്നതിനുമുമ്പു മഹത്തായ മുച്ചീട്ടുകളി അഭ്യസിക്കുന്നതിനായി ഒററക്കണ്ണൻ പോക്കരുടെ അപ്രൻറീസാകാൻ പലകുറി ശ്രമിച്ചിട്ടുള്ളതാണ്. പലരേക്കൊണ്ടും ശുപാർശ ചെയ്യിച്ചിട്ടുമുണ്ട്. ഒററക്കണ്ണൻപോക്കർ അവജ്ഞയോടെ പറയും:

'പോടാ കയിതേ! ച്ചിരി തലച്ചോറുവായിട്ടുവാ !'

സംഗതി സത്യമാണല്ലോ. ഏതു തൊഴിലിനും ശകലം തലച്ചോറുള്ളതു വളരെ നല്ലതാണ്. പിന്നെ കുറെ മൂലധനവും ഉണ്ടെങ്കിൽ ഭേഷ്!

ഇതു രണ്ടും ഒററക്കണ്ണൻപോക്കർ അവർകൾക്കുണ്ട്. അപ്പോൾ മുച്ചീട്ടുകളിക്കത്യാവശ്യമായി വേണ്ടത് എന്തെല്ലാമാണ്? ചരിത്രവിദ്യാർത്ഥികളുടെ അറിവിലേക്കായി ഈ വിനീത ചരിത്രകാരൻ പതുക്കെ പറയാം:

ഒരു കുത്തു പുതിയ ചീട്ട്. ഏതെങ്കിലും നല്ല നിലവാരം പുലർത്തുന്ന ദിനപ്പത്രത്തിൻെറ മുഷിയാത്ത ഒരു പഴയ ലക്കം. നാലു വൃത്തിയുള്ള ചെറിയ കല്ലുകൾ... ആ നാലു ചെറിയ കല്ലുകളും കടലാസ് നിവർത്തിയിട്ട് അതിൻെറ നാലു മൂലയ്ക്കും വെക്കുക. ഈ മുൻകരുതൽ, കാററുകൊണ്ടു കടലാസ് പറന്നുപോകാതിരിക്കാനാണ്. അടുത്തത് ആ പുതിയ കുത്തു ചീട്ടിൽനിന്നു മൂന്നു ചീട്ടുകൾ എടുക്കുക. ഒരു രൂപച്ചീട്ടും രണ്ടു പുള്ളിച്ചീട്ടുകളും. ഒരു കൈയിൽ രണ്ടും മറേറ കൈയിൽ ഒന്നുമായി വിരലുകൾ കൊണ്ടു പിടിക്കുക. ബഹുജനങ്ങൾക്കു നല്ലവണ്ണം കാണത്തക്കവണ്ണം രൂപച്ചീട്ടു മുകളിലായിരിക്കണം. അടുത്തതു നമ്മുടെ സത്യസന്ധതയെ വെളിപ്പെടുത്തിക്കൊണ്ടു പ്രപഞ്ചത്തോടായി ഉശിരൻ മുദ്രാവാക്യങ്ങൾ മുഴക്കുക—അതിങ്ങനെയാണ്:

'ഹായ്...! വെച്ചോ രാജാ വെച്ചോ... ഒന്നു വെച്ചാ രണ്ട്... രണ്ടു വെച്ചാ നാല് ...രൂപത്തെ വെച്ചാ നിങ്ങക്ക്; പുള്ളിയെ വെച്ചാ ഞമ്മക്ക്... ഹായ്...! നോക്കി വെച്ചോ. മായമില്ല മന്ത്രമില്ല. ഹായ്! വെച്ചോ രാജാ വെച്ചോ. ആരിക്കും വെക്കാം. നോക്കിവെച്ചോ!'

എന്നു പറഞ്ഞിട്ട് ശുർർറെന്നു ചീട്ടുകൾ മൂന്നും കടലാസ്സിൽ കമഴ്ത്തിയിടുക. ആദ്യം താഴെ വീഴുന്നതു രൂപച്ചീട്ടാവാം, പുള്ളിച്ചീട്ടാവാം. എന്തായാലും അതെല്ലാം ശ്രദ്ധിക്കേണ്ടത് വിപ്ലവവീര്യമുള്ള ബഹുജനങ്ങളുടെ കടമയാണ്. ബഹുജനങ്ങൾ ശ്രദ്ധിക്കുകയും ചെയ്യും...... എങ്ങനെ ആയാലും ഒന്നുവെച്ചാൽ രണ്ടു കിട്ടാൻ ആഗ്രഹമില്ലാത്ത ബഹുജനങ്ങളുണ്ടോ?.... അവർ കാശു വെക്കും; അണവെക്കും; രൂപാ വെക്കും.....അഞ്ചിൻേറയും പത്തിൻേറയും നോട്ടുകൾ വെക്കുന്ന ബഹുജനങ്ങളുമുണ്ട് ...എന്നാൽ, ചീട്ടുകൾ മലർത്തുമ്പോൾ, ഹാ കഷ്ടം, ബഹുജനങ്ങൾ പണം വെച്ചിരിക്കുന്നതു പുള്ളിച്ചീട്ടിലാണ്!

ഒററക്കണ്ണൻപോക്കർ ആ പണമെല്ലാം അങ്ങെടുക്കും. (ആ പണത്തിൽനിന്നും ചന്തതോറും വിദേശസർക്കാരിൻെറ ആൾക്കാരായ സ്ഥലത്തെ പോലീസുമൂരാച്ചികൾക്കു ചെല്ലേണ്ടും രൂപാ രണ്ട്!) ഇങ്ങനെ സമരപാരമ്പര്യ

മുള്ള ബഹുജനങ്ങൾ തോൽക്കുകയും ഒററക്കണ്ണൻ പോക്കരു ജയിക്കുകയും ചെയ്യും. ഈ വിധമാണ് എല്ലാ കളിയിലും വരുന്നതെങ്കിൽ ബഹുജനങ്ങൾ പിന്നെ ഒററക്കണ്ണൻപോക്കരെ പ്രോത്സാഹിപ്പിക്കുമോ? ബഹുജനങ്ങൾ ശുദ്ധമണ്ടക്കഴുതകളാണോ? അല്ലെന്നു തെളിയിക്കാനായി ഒററക്കണ്ണൻ പോക്കരുടെ കൈയിൽ ഒരു ഡാവുണ്ട്. പത്തിൽ ഒന്നു വീതമല്ല—ആറു വീതം ഒററക്കണ്ണൻ പോക്കരു ബഹുജനങ്ങളെ ജയിപ്പിക്കും! എന്നാൽ, ഈ വിധം ജയിക്കുന്ന ബഹുജനം എപ്പോഴും ഒററക്കണ്ണൻപോക്കരുടെ ഏതെങ്കിലുമൊരു അപ്രൻറീസായിരിക്കും. ഈ രഹസ്യം മററു ബഹുജനങ്ങൾ അറിയുകയില്ല. ഇതിൽ വല്ല വഞ്ചനയുമുണ്ടോ? ചതിയുണ്ടോ? ഒന്നുമില്ല. എല്ലാം ക്ലീൻ!

എന്നാൽ, ഇതുപോലെ വല്ലേടത്തും കുത്തിയിരുന്നു ലാഘവത്തോടെ ചെയ്യാവുന്നതാണോ പോക്കററടിക്കാരൻ മണ്ടൻമുത്തപായുടെ തൊഴിൽ?

ഒരു തൊഴിലെന്ന നിലയ്ക്ക് പോക്കററടി ഒരിക്കലും മോശമല്ല. പുറം രാജ്യങ്ങളിൽ പോക്കററടിക്ക് അസൂയാവഹമായ പുരോഗതിയുണ്ട്. അവിടെ ഇതിനു കോളേജുകളുണ്ട്. അതു പോകട്ടെ —ഈ തൊഴിലിന് ഏകാഗ്രത വേണം. ക്ഷമ വേണം. പിന്നെ ലേശം തലച്ചോറും വേണം. മണ്ടൻ മുത്ത പായ്ക്കു തലച്ചോറുണ്ടോ....? മററു മൂലധനമാണെങ്കിൽ— സാധാരണമായി പോക്കററടിക്ക് അത്യാവശ്യം വേണ്ടതു നല്ല ചങ്കൂററവും നീണ്ടുമെലിഞ്ഞ വിരലുകളും വലിയ ഒരു ഷാളുമാണ്. അതുമായി ബഹുജനങ്ങളുടെ കൂടെ നടക്കുക. മുദ്രാവാക്യങ്ങളുടെയോ, പ്രസ്താവനകളുടെയോ യാതൊരാവശ്യവുമില്ല. പരിപൂർണ്ണ നിശ്ശബ്ദത. എന്നാൽ, ശ്രദ്ധ എല്ലായിടത്തും വേണംതാനും. പിന്നെ എപ്പോഴും ബഹുജനങ്ങളുടെ ചേരിയിൽ നിന്നില്ലെങ്കിൽ പോക്കററടിക്കാൻ വിഷമമാണ്. ബഹുജനങ്ങളുമായി കൂടിക്കഴിയാതെ, ഒററപ്പെട്ട്, ദന്തഗോപുരത്തിൽ നിവസിച്ചാൽ പോക്കററടിക്കാൻ സാദ്ധ്യമല്ല. ചരിത്ര വിദ്യാർത്ഥികൾ ഇത് ഓർക്കണം. ഒരു നല്ല പോക്കററടിക്കാരൻ എപ്പോഴും ഒരു നല്ല സാമുദായിക ജീവിയായിരിക്കണം. വായ്നാററമോ, വിയർപ്പിൻെറ ദുർഗന്ധമോ വകവെക്കാതെ കഴിയുന്നത്ര കൂട്ടുജീവിതം നയിക്കുക. ചുരുക്കത്തിൽ ബഹുജനങ്ങളുടെ സുഖദുഃഖങ്ങളിൽ എപ്പോഴും പങ്കുകൊള്ളണം. കൂട്ടുജീവിതം! ഇതാണു പോക്കററടിയുടെ ആപ്തവാക്യം! കല്യാണങ്ങൾ, ചാവടിയന്തിരങ്ങൾ, കാളച്ചന്തകൾ, ഉത്സവങ്ങൾ, ഘോഷയാത്രകൾ, മീററിംഗുകൾ, ഗുസ്തി, പന്തുകളി, സാഹിത്യസമ്മേളനങ്ങൾ, രാഷ്ട്രീയമേളകൾ, ശവഘോഷയാത്രകൾ— ചുരുക്കത്തിൽ എവിടെ ബഹുജനങ്ങളുണ്ടോ, എവിടെ ബഹളമുണ്ടോ, എവിടെ തിരക്കുണ്ടോ, അവിടെ ഈ കലാകാരൻ കട്ടായം ഹാജരായിക്കൊള്ളണം. തിക്കിത്തിരക്കി മടിയിലോ, പോക്കററിലോ പണമുള്ളവരുടെ അടുത്തു ചെല്ലുക. ഷാളിൻെറ തുമ്പുകൊണ്ട് അവരുടെ പോക്കററോ, മടിയോ മൂടുക, വലത്തുകൈ ഷാളിനടിയിലായിരിക്കണം. മറക്കരുത്. ഞൊടിയിടകൊണ്ട് എന്നു പറഞ്ഞാൽ ചട്ട്പുക്കേന്ന്, മടിശ്ശീലയോ,

പേഴ്സോ പിടുങ്ങുക.... വേഗത ശീലിക്കാൻ കിണഞ്ഞ് അഭ്യസിക്കണം. പരിശീലനം കൊണ്ടേ ഇതു സാധിക്കൂ. ഇതിനും പുറമേ വിശ്വസ്തനായ ഒരപ്രൻറീസും ഉണ്ടായിരിക്കണം. നമ്മൾ പിടുങ്ങുന്ന സാധനം ഉടനെ അവനെ ഏൽപിക്കുക. അവൻ ഉടനെ സ്ഥലവും വിട്ടിരിക്കണം... ഇങ്ങനെയുള്ള സംഗതികളിൽ മണ്ടൻമുത്തപായ്ക്കുള്ളതു കുറെ നീണ്ട വിരലുകളും ഒരു പഴയ ഷാളും മാത്രമാണ്. നിർഭാഗ്യമെന്നേ പറയേണ്ടൂ. മണ്ടൻമുത്തപായ്ക്കു വളരെ പൊക്കമുണ്ട്. ആറടി രണ്ടിഞ്ച്.

അതുകൊണ്ട് ഏതു ബഹളത്തിനകത്തു നിന്നാലും അദ്ദേഹം എവിടെ നില്ക്കുന്നു എന്ന് ആളുകൾക്കു കാണാൻ സാധിക്കും. തന്നെയുമല്ല, ദൂരെ നില്ക്കുന്ന ബഹുജനങ്ങളിൽ ഏതെങ്കിലും ഒരു പരമദ്രോഹി വിളിച്ചു പറയും: 'എടോ വാഴക്കുലക്കാരാ, തൻെറ അടുത്തു നില്ക്കുന്ന പൊക്കക്കാരൻ ശ്രീജിത് മണ്ടൻ മുത്തപായാണേ—മടിശ്ശീല സൂക്ഷിച്ചോ! ഉഷാർ! ഉഷാർ!'

കലാകാരന്മാർക്കു കിട്ടുന്ന പ്രോത്സാഹനം!... ഈ വിളിച്ചുപറയുന്നതു സ്ഥലവാസികളിൽ ആരുമല്ല. വിദേശികൾ; വരത്തർ. വിദേശസർക്കാരിൻെറ ആൾക്കാർ. അവരാകുന്ന ബഹുജനങ്ങൾ മണ്ടൻമുത്തപായ്ക്കെതിരായി ഒരു ഐക്യമുന്നണിതന്നെ സൃഷ്ടിച്ചുകഴിഞ്ഞു. സാധാരണ, ഇതുപോലെയുള്ള സന്ദർഭങ്ങളിൽ രാഷ്ട്രീയ പ്രവർത്തകന്മാർ വിളിക്കുന്നതുപോലെ മണ്ടൻമുത്തപാ ആ ബഹുജനങ്ങളെ 'മൂരാച്ചികൾ' എന്നോ 'പിന്തിരിപ്പന്മാർ' എന്നോ വിളിച്ച് ആക്ഷേപിക്കാറില്ല . അദ്ദേഹം മന്ദഹസിക്കും. നിർദോഷമായ മന്ദഹാസം; അതിൽ ആരും കറങ്ങിപ്പോകും. പക്ഷേ, പോലീസുമൂരാച്ചികൾ കറങ്ങുമോ? ചന്തതോറും മണ്ടൻ മുത്തപായിൽനിന്നു പോലീസുകാർക്കു ചെല്ലേണ്ടും രൂപാ ഒന്ന്. ഇതിനൊക്കെ സ്ഥലവാസികൾ എതിരാണ്. അവർ പ്രബുദ്ധരാണ്. വിദേശ സർക്കാരിൻെറ ആൾക്കാരായ പോലീസുകാരെ സ്ഥലവാസികൾക്കാവശ്യമില്ല. പക്ഷേ, പോലീസ്. കിട്ടേണ്ടതു കിട്ടണം. എന്നാൽ, അതു കൊടുക്കാൻ എന്തു വഴി? ജോലി ചെയ്യുന്നുണ്ട്; ഒന്നും കിട്ടുന്നില്ല. ഇതു പറഞ്ഞാൽ പോലീസു മൂരാച്ചികൾ സമ്മതിക്കുമോ?

എന്നാൽ, മണ്ടൻ മുത്തപായ്ക്കു വേണ്ടി എതിരുസാക്ഷി പറയാൻ ഒററക്കണ്ണൻ പോക്കര് എപ്പോഴും തയ്യാറാണ്.

'ആ മണ്ടനറാംപറന്നോന് ഇന്നു പത്തു രൂപാ കാശു കിട്ടി. ഞമ്മള് കണ്ടതാ.'

അപ്പോൾ മണ്ടൻ മുത്തപാ പറയും:

'ഒററക്കണ്ണൻ ഇബ്‌ലീസേ—വൺ ഐസ് മങ്കി! നിൻെറ മററേ കണ്ണും പൊട്ടിപ്പോകും!'

ഇങ്ങനെ ഒററക്കണ്ണൻപോക്കരുടെ പ്രധാന ശത്രുക്കളിൽ പ്രധാനി

യാണ് മണ്ടൻമുത്തപാ. ഇങ്ങനെ മണ്ടൻമുത്തപായുടെ പ്രധാന ശത്രുക്കളിൽ പ്രധാനിയാണ് ഒററക്കണ്ണൻ പോക്കർ. ഇതൊക്കെ സർവമാനപേർക്കും അറിയാം. സ്ഥലത്തെ പ്രധാന മണ്ടനാണ്. പോക്കററടിക്കാരൻ മണ്ടൻ മുത്തപാ. സ്ഥലത്തെ ഒരു ബുദ്ധിജീവിയാണ്. മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻ പോക്കർ.

ഇങ്ങനെയുള്ള മണ്ടൻ, ഇങ്ങനെയുള്ള ബുദ്ധിജീവിയെ....മുച്ചീട്ടുകളിയിൽ തോല്പിച്ചു പാളീസ്സാക്കിക്കളയുകയും, സൈനബയെ—ആ!

ആ ചരിത്രമാണ് ഇനി പതുക്കെ പറയാൻ പോകുന്നത്:

ഒരു ശനിയാഴ്ച. ചന്തയങ്ങനെ സുന്ദരമായി എരച്ചു തുടങ്ങുന്നതിനു മുമ്പ് മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻപോക്കർ ചന്തയിലെ അതിപുരാതന പൂപ്പരുത്തിവൃക്ഷത്തണലിൽ തൻെറ കലാപ്രവർത്തനങ്ങൾ ചെയ്തു തുടങ്ങിയിട്ടുണ്ടായിരുന്നു. മണ്ടൻമുത്തപാ നേരം വെളുത്തിട്ട് ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. ചായ കുടിക്കാഞ്ഞിട്ട് അദ്ദേഹത്തിനു നന്നെ വിഷമമുണ്ടായിരുന്നു. ആരും ആ കലാകാരനെ സഹായിച്ചില്ല. അരച്ചായപോലും മേടിച്ചു കൊടുക്കാൻ ബഹുജനങ്ങളിൽ ആരും തയ്യാറായില്ല. സൈനബായുടെ അടുത്തേക്കു ചെന്നാലോ....കാശു കുറെ കൊടുക്കാനുണ്ടല്ലോ.... അങ്ങനെ അദ്ദേഹം നടന്നപ്പോൾ ഒരു ജുബ്ബാക്കാരനെ കണ്ടു! പൊന്നു പൂശിയ റിസ്ററുവാച്ചും പൊന്നു പൂശിയ ഫൗണ്ടൻ പേനായുമുണ്ട്. മൊത്തത്തിൽ ഒരായിരം രൂപായുടെ പവ്വർ ആ ജുബ്ബാക്കാരൻ കാണിച്ചു. അയാൾ ഒരു സിഗരററു പുകച്ചു പ്രപഞ്ചം മറന്ന് അങ്ങനെ ചന്തയെരപ്പിലൂടെ നടക്കുമ്പോൾ മണ്ടൻ മുത്തപാ അയാളുടെ പോക്കററടിച്ചു! ഏററവും വിജയകരമായിരുന്ന പോക്കററടിയായിരുന്നു അത്!

എന്നാൽ, അത് മണ്ടൻമുത്തപായെ സന്തോഷിപ്പിച്ചില്ല. ഉദ്ദേശിച്ച മാതിരി പണം ഇല്ലായിരുന്നു. തുണികൊണ്ടുണ്ടാക്കിയ ഒരു പേഴ്സ്. അതിൽ അഞ്ചര അണയും* മൂക്കുകുത്തിയുള്ള ഒരു സിനിമാപ്പെണ്ണിൻെറ ഒരു കൊച്ചു പടവും ഉണ്ടായിരുന്നു. 'അവള്ടെ പുളുന്തൂസ് മൂക്കുത്തി! പോ കയ്തേ!' മണ്ടൻ മുത്തപാ സുന്ദരിയുടെ പടം വലിച്ചുകീറി ദൂരെ എറിഞ്ഞു. മനസ്സു കൊണ്ട് ആ ജുബ്ബാക്കാരനെ ചീത്ത പറയുകയും ചെയ്തു. കള്ളൻ! അവൻെറയൊരു പത്രാസു കണ്ടോ? അഞ്ചരയണ!

സ്ഥലത്തു പുതുതായി തുറന്ന ഒരു ഹോട്ടലിൽ വലിയ തെരക്ക്. സാധ്യത വല്ലതുമുണ്ടോ? മണ്ടൻമുത്തപാ കയറി ഒരു തടിയൻെറ സൈഡ് പോക്കററിനരികെ ഇരുന്നു. പറയാതെ കൊണ്ടുവന്നുവച്ച ചായയും പലഹാരവും കഴിച്ചു. നാലണയായി. അവിടെ നിന്നിറങ്ങി അരയണയ്ക്കു ബീഡി വാങ്ങിച്ചു.

* ചരിത്രവിദ്യാർത്ഥികൾ നയാ പൈസയായി കണക്കു കൂട്ടാൻ മറക്കരുത്. വൈ. മു. ബ.

ഒരണയുടെ ധനവുമായി ഒററക്കണ്ണൻപോക്കരുടെ അടുത്തു ചെന്നു.

'ഹായ്...വെച്ചോ രാജാ വെച്ചോ...ഒന്നു വെച്ചാ രണ്ട്...ഏതു മണ്ടൻ കയ്തയ്ക്കും വെക്കാം' എന്നു പറഞ്ഞു തീരും മുമ്പെ ചീട്ടുകൾ കമഴ്ത്തിയിട്ടു.

മണ്ടൻമുത്തപാ രൂപച്ചീട്ടിന്റെ പുറത്ത് ഒരണ വെച്ചു.

'പോടാ കയിതേ' എന്നും പറഞ്ഞ് ഒററക്കണ്ണൻ പോക്കർ ചീട്ടു മലർത്തി. പുള്ളിച്ചീട്ട്!

'ഇഞ്ഞിം ബെച്ചോടാ!' ഒററക്കണ്ണൻപോക്കർ വെല്ലുവിളിച്ചു. പക്ഷെ, മണ്ടൻമുത്തപായുടെ പക്കൽ വല്ലതുമുണ്ടോ?

അദ്ദേഹം ഒരു ബീഡി കത്തിച്ചു വലിച്ചു പുകവിട്ടുകൊണ്ടു ചന്തയുടെ ബഹളത്തിൽനിന്നെല്ലാം ദൂരെ പ്രശാന്തമായ നദിയുടെ അടുത്തേക്കു നടന്നു. ദരിദ്രനായ ഒരു കലാകാരൻ അവശൻ എന്നു പറയാൻ മേല. അദ്ദേഹം എന്തു ചെയ്യും? ജീവിതം എത്ര നല്ലതായിത്തീരുമായിരുന്നു! മനസ്സാ, മണ്ടൻ മുത്തപാ, തൊരപ്പൻ അവറാന്റെയും ഡ്രൈവർ പപ്പുണ്ണിയുടെയും പൊൻകുരിശു തോമായുടെയും ശിഷ്യനാണ്. ആനവാരി രാമൻനായരുടെയും ശിഷ്യനാണ്. ഇതവർ സ്വീകരിച്ചിരുന്നുവെങ്കിൽ ! എല്ലാററിനും കാരണം, ആ വൺ ഐസ് മങ്കി, ഒററക്കണ്ണൻപോക്കരാണ്. മണ്ടൻമുത്തപാ വിചാരിച്ചു. ഈവിധ ചിന്തകളോടെ അദ്ദേഹം നദിക്കരയിൽ ചന്തക്കടവിൽ ചെന്നു. നല്ല വീതിയുള്ള നദി.

കടവിൽ ഒട്ടു വളരെ കെട്ടുവള്ളങ്ങൾ കിടപ്പുണ്ട്. വെള്ളത്തിനോടു തൊട്ടുതന്നെ ചേന, കാച്ചിൽ, കപ്പക്കിഴങ്ങ്, തേങ്ങ, നേന്ത്രക്കുല—ഇതെല്ലാം കൂന്നുകൂന്നായി കിടക്കുന്നു. വഞ്ചികളിൽ കയററാനോ, ഇറക്കിയതോ?

അദ്ദേഹം അതിലൊന്നിലും അത്ര ശ്രദ്ധ ചെലുത്താതെ സൈനബയെ പ്പററി ചിന്തിച്ചുകൊണ്ട് ഇരിക്കുമ്പോൾ വലിയ ഒരത്ഭുതസംഭവമുണ്ടായി!

കൂട്ടത്തിൽനിന്ന് ഒരു വലിയ നേന്ത്രക്കുല നിരങ്ങി നിരങ്ങി നദിയിലേക്കു പതുക്കെ, വളരെ പതുക്കെ ഇറങ്ങിപ്പോകുന്നു...! നദിയിലേക്ക് ഉരുണ്ടു വീഴുകയല്ല, ഇറങ്ങിപ്പോകുന്നു! ജീവനുള്ളതുപോലെ!

ഇതെന്തൊരതിശയം! മണ്ടൻമുത്തപാ വിചാരിച്ചു. നേന്ത്രക്കുലയ്ക്ക് ഷെെത്താൻ കൂടിയതായിരിക്കും! പിശാചു ബാധിക്കാതെ നേന്ത്രക്കുലയ്ക്കു നിരങ്ങിപ്പോകാൻ കഴിയുമോ....? അതു മുങ്ങിപ്പോകുന്നത് അടുത്ത കടവിലേ ക്കാണല്ലോ! ആ കടവിനടുത്താണ് മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻ പോക്കരു താമസിക്കുന്നത്. ആ കടവിനും ചന്തക്കടവിനും ഇടയ്ക്കു നദിയിലേക്കു ചാഞ്ഞു നില്ക്കുന്ന വൃക്ഷക്കൂട്ടമുണ്ട്; പരുത്തിമരമാണ് അധികവും. എല്ലാം ഒരു പച്ചപിടിച്ച വലിയ മറപോലെ നില്ക്കുന്നു. കടത്തുവഞ്ചിയിൽ സ്ത്രീ പുരുഷന്മാർ സാമാനങ്ങളുമായി അക്കരയ്ക്കും ഇക്കരയ്ക്കും. കടവിലും ആളുകളുണ്ട്. നിരങ്ങി നീങ്ങി മുങ്ങിപ്പോകുന്ന നേന്ത്രക്കുല ആരും കാണു ന്നില്ല.

ആ കുല, മുങ്ങി നീന്തിപ്പോയി കരയ്ക്കു കയറുന്ന അത്ഭുത കാഴ്ച കാണാനായി മണ്ടൻമുത്തപാ പരുത്തിക്കൂട്ടങ്ങളുടെ ഇടയിലൂടെ അങ്ങോട്ടു ചെല്ലുമ്പോൾ മറ്റൊരത്ഭുതം! മുച്ചീട്ടുകളിക്കാരൻ ഒറ്റക്കണ്ണൻപോക്കരുടെ അരുമ മകൾ സുന്ദരി സൈനബയുണ്ട് മാദകത്തിടമ്പായി വെള്ളത്തിൽ കുനിഞ്ഞു നില്ക്കുന്നു.....വസ്ത്രങ്ങളെല്ലാം നനഞ്ഞു ദേഹത്ത് ഒട്ടിക്കിടക്കുന്നു. നല്ല കാഴ്ച. അവളെന്തോ ചരടു വലിച്ചുകൊണ്ടു നില്ക്കുകയാണ്. കുറേക്കഴിഞ്ഞ് അവൾ ആ വലിയ നേന്ത്രക്കുല പൊക്കിയെടുത്തു! ഹമ്പടി മനമേ! ആ കുലയിൽ ഒരു വലിയ ചൂണ്ടക്കൊളുത്ത്...മണ്ടൻ മുത്തപായ്ക്കു സംഗതി ശരിക്കു മനസ്സിലായി. വളരെ നീളമുള്ള ചരടിന്റെ തുമ്പത്ത് ഒരു ചൂണ്ടക്കൊളുത്ത്...... പതുക്കെ മുങ്ങിച്ചെന്നു വള്ളങ്ങളുടെ മറവിൽ ഇരുന്നുകൊണ്ടു വാഴക്കുലയിൽ ചൂണ്ട കൊളുത്തുക. എന്നിട്ടു മുങ്ങിവന്നു ചരടു പതുക്കെ, വളരെ പതുക്കെ വലിക്കുക....മണ്ടൻമുത്തപായ്ക്ക് എന്തെന്നില്ലാത്ത സങ്കടം തോന്നി. ആണുങ്ങൾ കക്കുകയോ, പിടിച്ചു പറിക്കുകയോ തീവെട്ടിക്കൊള്ള നടത്തുകയോ ഒക്കെ ചെയ്യുന്നതിൽ തെറ്റൊന്നുമില്ല. കലാപ്രവർത്തനങ്ങൾ! എന്നാൽ, പെണ്ണുങ്ങൾ അതു ചെയ്യുന്നത്..... എന്തോ; മണ്ടൻമുത്തപായ്ക്കു സുഖമായി തോന്നിയില്ല. വ്യസനവും പരിഭവവും കലർന്ന മട്ടിൽ മണ്ടൻമുത്തപാ അങ്ങനെ നിന്നു.

സൈനബ വാഴക്കുലയുമായി നനഞ്ഞൊലിച്ചു കരയിൽ കയറി. ഇങ്ങനെ ഒരാൾ കരയിൽ നില്ക്കുന്ന വിവരം അവൾ അറിഞ്ഞില്ല. മണ്ടൻ മുത്തപായെ കണ്ടപ്പോൾ.....നേന്ത്രക്കുല താനേ താഴെ വീണു. അവളുടെ മുഖം ചുവന്നു; ഉടനെ തന്നെ വിളറിവെളുക്കുകയും ചെയ്തു. തലമുടിയിൽ നിന്നും മററും വെള്ളം ഒലിപ്പിച്ചുകൊണ്ടു തീർത്താൽ തീരാത്ത വലിയ കുററബോധത്തോടെ അവൾ തല കുനിച്ച് മണ്ടൻമുത്തപായുടെ തിരുമുമ്പിൽ നിന്നു.

'സൈനബാ!' മണ്ടൻമുത്തപാ പതുക്കെ വിളിച്ചു. ആ വിളിയിൽ സ്നേഹവും വേദനയും പരിഭവവും മററും കലർന്നിട്ടുണ്ടായിരുന്നു എന്നാണു ചരിത്രം.

'ഓ!' എന്ന് സൈനബ പതുക്കെ വിളി കേട്ടു.

'നീ ഇച്ചെയ്തതു നല്ലതാണോ?'

'ഹല്ല.'

'ഞ്ഞി ങ്ങനെ ചെയ്യുവോ?'

'ഹില്ല.'

'പോയി വേകം തലേക്ക തൊകർത്തി മുണ്ടും കുപ്പായവും മാററ്. പനി പിടിക്കും!'

സൈനബ ഏത്തക്കുല എടുക്കാതെ വീട്ടിലേക്കോടിപ്പോയി. മണ്ടൻ മുത്തപായാണു കുല എടുത്തു കൊണ്ടുപോയി കൊടുത്തത്. സൈനബയ്ക്കു വീട്ടിൽവച്ച് ഒരു കച്ചവടമുണ്ട്. പുട്ട്, അപ്പം, കടല പുഴുങ്ങിയത്, പരിപ്പുവട, പഴം. ആനവാരി രാമൻനായർ, പൊൻകുരിശു തോമാ, മണ്ടൻ

മുത്തപാ,എട്ടുകാലി മമ്മൂഞ്ഞ് മുതൽപേരാണു പററുപടി.

ഇത്രയും ചരിത്രം മണ്ടൻ മുത്തപാ സമ്മതിക്കുന്നുണ്ട്. പിന്നെ സൈനബ സൂക്ഷിച്ചു വച്ചിരുന്ന ഇടിയപ്പവും പഴവും ചായയും കഴിച്ചു. സൈനബയും മണ്ടൻമുത്തപായും തമ്മിൽ ഇഷ്ടമായിരുന്നോ എന്ന ചോദ്യത്തിന് സൈനബ മറുപടിയൊന്നും പറഞ്ഞില്ല. മുത്തപാ 'മണ്ട' നൊന്നും അല്ലെന്നു മാത്രമാണ് അവൾക്ക് പറയാനുള്ള ന്യായം. പിന്നെ:

'അത് ശുമ്മാ ബാപ്പയും മററും പറേണതാ!'

ഏതായാലും അതു പോകട്ടെ. മുച്ചീട്ടുകളിക്കാരൻ ഒററക്കണ്ണൻ പോക്കർ എന്തു പറയുന്നുവെന്നു നോക്കാം. അദ്ദേഹത്തിന് സൈനബയുടെ ഉള്ളിലിരുപ്പിനെപ്പററി ഒന്നും അറിഞ്ഞുകൂടായിരുന്നു. അതായത്, സൈനബയെപ്പററി ഒരു സംശയവും ഉണ്ടായിരുന്നില്ല. അരുമമകളല്ലേ. ഒരഞ്ഞൂറു രൂപായെങ്കിലും സ്വരുക്കൂട്ടി അവളുടെ കാതിലും കഴുത്തിലും വല്ല പൊൻപണ്ടങ്ങളുമിട്ട് കഴിച്ചിലിനു വകയുള്ള യോഗ്യന്മാർ, ആർക്കെങ്കിലും കല്യാണം ചെയ്തുകൊടുക്കുക. ഈ വിചാരമാണു രാവും പകലും. പെൺകൊച്ച് പുര നിറഞ്ഞു നില്ക്കുകയല്ലേ. ഏതെങ്കിലും യോഗ്യനെ കണ്ടുപിടിക്കണം. ഈവിധ വിചാരങ്ങളോടെ ഒററക്കണ്ണൻ പോക്കർ അന്നൊരു ദിവസം ചന്ത പിരിഞ്ഞു കുറെ കപ്പക്കിഴങ്ങും ഉപ്പും മുളകും ഒരു കെട്ടു വെററിലയും കുറച്ച് ഉണക്കമീനുമായി വീട്ടിലേക്കു ചെന്നു. അപ്പോൾ ഒററക്കണ്ണൻ പോക്കരെ ഞെട്ടിച്ച ഒരു ഭയങ്കര കാഴ്ച.

സൈനബയുടെ മടിയിൽ തലയും വെച്ച് മണ്ടൻമുത്തപാ സുഖമായി കിടക്കുന്നു.

ഒരു പിതാവിൻെറ ചങ്കു പൊട്ടാൻ വേറെ വല്ല സംഗതിയും വേണോ?

സ്ഥലത്തെ പ്രധാന മണ്ടൻ, പോക്കററടിക്കാരൻ, കറുമ്പൻ, കോങ്കണ്ണൻ—നമ്മുടെ ഓമനപ്പുത്രിയുടെ മടിയിൽ തലയും വെച്ചു കിടക്കുക.....!ഈ കാഴ്ച പിതാക്കന്മാർക്കാർക്കും അത്ര രസമായി തോന്നുകില്ല. തോന്നുമോ?

'ബാപ്പാ!' എന്നും പറഞ്ഞ് സൈനബ ഉരുണ്ടു പിരണ്ട് എണിററു.

മണ്ടൻമുത്തപാ വെള്ളപ്പല്ലുകൾ കാണിച്ച് ആവുന്നത്ര ഭംഗിയിൽ ഒന്നു ചിരിച്ചു.

ഒററക്കണ്ണൻ പോക്കരുടെ കണ്ണു ചുവന്നു. അദ്ദേഹം ഒരു വലിയ മരച്ചീനിക്കിഴങ്ങെടുത്ത് മുത്തപായുടെ നെഞ്ചത്ത് കൊടുത്തു ഒരേറ്!

മുത്തപായ്ക്കു നന്നെ നൊന്തെങ്കിലും വെളുക്കനെയുള്ള ആ ചിരി കളയാതെ കിഴങ്ങെടുത്ത് ഒടിച്ചു പല്ലുകൊണ്ടു തൊണ്ടു പൊളിച്ചു സാവധാനത്തിൽ കരുമുരാ കടിച്ചു തിന്നു. എന്നിട്ടു സന്തോഷത്തോടെ പറഞ്ഞു:

'മാമാ, ഞാൻ സൈനബായെ കെട്ടാമ്പോണ്!'

രണ്ടുശിരൻ വെല്ലുവിളികളാണ് ആ പ്രസ്താവനയിൽ അടങ്ങിയിട്ടുള്ളത്. സാധാരണയായി മാമാ എന്നു വിളിക്കുന്നത് അമ്മയുടെ സഹോദരനെയാണ്; അല്ലെങ്കിൽ ഭാര്യയുടെ അച്ഛനെ. മണ്ടൻ മുത്തപാ, പോക്കരുടെ

പെങ്ങളുടെ മകനൊന്നുമല്ല. മകളുടെ ഭർത്താവുമല്ല. ആ നിലയ്ക്ക് മാമാ എന്നു വിളിച്ചത്.... അതും പോകട്ടെ. സൈനബയെ കെട്ടാൻപോണെന്നാണു പറഞ്ഞത്. ദയവായി എനിക്കു കെട്ടിച്ചു തരണമെന്നല്ല; കെട്ടാൻ പോകുന്നു....! ഹമ്പ!

'എടാ കള്ള ഹറാമി, നീ എൻെറ അതൃക്കഹത്തിനു ബെളി എറങ്ങടാ!'

മണ്ടൻമുത്തപാ കൂട്ടാക്കിയില്ല.

'മാമാ', മുത്തപാ വളരെ വിനയത്തോടെ പറഞ്ഞു: 'ഞാമ്പല്ലതും ഇദുവരെ പറഞ്ഞിട്ടൊണ്ടെങ്കി എല്ലാം പൊറുത്ത് മാപ്പാക്കണം. ഇനി ഞാൻ പോക്ക റ്റടിക്കാൻ പോകാൻ പാടില്ലെന്നാണ് സൈനബാ പറേണത്. ഇഞ്ഞി ആ പണിക്കു ഞമ്മളില്ല.'

ഇഞ്ഞി നീ തെണ്ടാമ്പോകുകേണോ കയിതേ?'

മണ്ടൻമുത്തപാ പറഞ്ഞു:

'ഞമ്മളൊരു ശായേൻെറ കച്ചോടം തൊടങ്ങാമ്പോണ്. അയിന് മാമാ ഒരു പത്തു രൂപാ കാശുകൊണ്ടു ഞങ്ങളെ സഹായിക്കണം.'

ഒററക്കണ്ണൻ പോക്കരു പറഞ്ഞു:

'നിന്നെ മൂക്കിക്കൂടെ പൊക വിടാൻ പടിപ്പിച്ച വകയിലേ ഞമ്മക്ക് പത്തര അണ വരും. അതിഞ്ഞാ തന്നിട്ട് എറങ്ങി പോ!'

മണ്ടൻമുത്തപാ അതു കേട്ടതായി ഭാവിച്ചില്ല. മുത്തപാ പറഞ്ഞു:

'ഞങ്ങക്ക് ഇമ്മാസത്തിത്തന്നെ നിക്കാഹുകഴിക്കണം.'

'ഹറാമി ജൂസാ എറങ്ങ്!' ഒററക്കണ്ണൻപോക്കർ അലറി: 'എൻെറ റൂഹൊള്ള കാലത്തു നീ അയിന് മോഹിക്കേണ്ട!'

ഒററക്കണ്ണൻപോക്കരുടെ ജീവൻ ഉള്ളിടത്തോളം കാലം സൈനബാ സംബന്ധിയായി യാതൊരു മോഹവും മണ്ടൻമുത്തപാ വെച്ചു പുലർത്തേണ്ടതായിട്ടില്ല—എങ്കിലും മുത്തപാ പറഞ്ഞു:

'മാമാട റൂഹൊള്ളപ്പത്തന്നെ ഞമ്മള് സൈനബാനെ കെട്ടും!'

'എറങ്ങടാ!' എന്ന് ഒററക്കണ്ണൻപോക്കർ അലറി.

അങ്ങനെ മണ്ടൻമുത്തപാ പോന്നു. സൈനബയെ നിക്കാഹു കഴിച്ചു കെട്ടിയോളാക്കും! എങ്ങനെ?

അങ്ങനെ സ്ഥലത്തെ പ്രധാന ബഹുജന സമരവും പ്രഖ്യാപനം ചെയ്തു. സന്ധിയില്ലാത്ത സമരംതന്നെ!

ഈ സമരവൃത്താന്തം കാട്ടുതീപോലെ സ്ഥലത്തെങ്ങും പരന്നു. സമരപാരമ്പര്യമുള്ള നാട്ടുകാർ ഉഷാറായി. ബഹുജനങ്ങൾ പൊടുന്നനെ രണ്ടു ചേരികളായി പിരിഞ്ഞു. സ്ഥലത്തെ ഔട്ട് പോസ്ററിലുള്ള രണ്ടു പോലീസുകാർ ആദ്യമാദ്യം ഒററക്കണ്ണൻപോക്കരുടെ ചേരിയിലായിരുന്നു. പിന്നീടവരും ബഹുജനങ്ങളിൽ അധിക ഭാഗവും മണ്ടൻമുത്തപായുടെ ചേരിയിലേക്കു കൂറുമാറി. ഇതിനു കാരണവുമുണ്ടായിരുന്നു. അതു നില്ക്കട്ടെ—

'സൈനബാ ആരുടെ ചേരിയിൽ?' ഇതായിരുന്നു ബഹുജനങ്ങളുടെ ചോദ്യം.

'ഞമ്മടെ ചേരീല്!' മണ്ടൻ മുത്തപാ നെഞ്ചത്തടിച്ചു പറയും.

'ഞമ്മടെ പുന്നാരമോളാ സൈനവാ!' എന്ന് ഒററക്കണ്ണൻ പോക്കർ ഒരു ലേശം ധൈര്യത്തോടെ പറയും.

എന്നാൽ, സൈനബാ ആരുടെ ചേരിയിലാണെന്നു വ്യക്തമായി ആർക്കും അറിഞ്ഞുകൂടായിരുന്നു. ആനവാരി രാമൻനായരും പൊൻകുരിശു തോമായുംകൂടി നേതൃത്വം ഏറെറടുത്തു സംഘടിതമായി ഒരു പ്രസ്താവന പുറപ്പെടുവിച്ചു:

'ആ പെണ്ണിൻെറ മനസ്സു പോണടുത്താ ജയം!'

ഇതൊരു കണ്ണുകൂരുടൻ പ്രസ്താവനയായിട്ടാണു ജനങ്ങളിൽ ചിലർ കണക്കാക്കിയത്. സാധാരണ 'പെണ്ണിനും ചെറുക്കനും മനസ്സാണെ കെട്ടാം' എന്ന പ്രമാണം ഇവിടെ സ്വീകാര്യമാണോ? പെണ്ണിനും ചെറുക്കനും മനസ്സാണെന്നുതന്നെ വിചാരിക്കൂ. എന്നാലും കെട്ടിച്ചു കൊടുക്കുകയില്ലെന്നുറന്ന പിടിവാശിക്കാരനും ഒററക്കണ്ണനുമായ ഒരു പിതാവുണ്ട്. അദ്ദേഹത്തിൻെറ പക്കൽ നൂററിയിരുപതിലധികം രൂപായുമുണ്ട്. വേണമെങ്കിൽ മററാരെയെങ്കിലും കൊണ്ട് ഷർട്ടപുക്കോന്ന് കല്യാണം നടത്താനും സാധിക്കും. ഇതാണ് വ്യക്തമായ നില. ഇതിനോടാണ് മണ്ടൻ മുത്തപാ യുദ്ധം പ്രഖ്യാപിച്ചത്, സൈനബായെ കെട്ടും.

യുദ്ധം അങ്ങു വീറോടെ തുടങ്ങി. മണ്ടൻമുത്തപായ്ക്കു ജയവും കണ്ടു തുടങ്ങി. അപ്പോൾ അന്തരീക്ഷം ആകെയൊന്നു മാറി. മണ്ടൻമുത്തപാ ഒരു വിപ്ളവവീര്യമുള്ള തൊഴിലാളിവീരനായി. ഒററക്കണ്ണൻപോക്കരു പൂഴ്ത്തിവെപ്പുകാരനും ഭയങ്കര കരിഞ്ചന്തക്കാരനുമായ ഒരു മൂരാച്ചിയുമായി.

'മണ്ടൻമുത്തപാ സിന്താബാദ്!'

'ഒററക്കണ്ണൻ പോക്കരു മുർദാബാദ്!'

ഈവിധം മുഴങ്ങിത്തുടങ്ങി ഉശിരൻ മുദ്രാവാക്യങ്ങൾ. മണ്ടൻ മുത്തപായെ സ്തുതിക്കാനും മണ്ടൻമുത്തപായ്ക്കു ചായ വാങ്ങി കൊടുക്കാനും സ്ഥലവാസികളായ ബഹുജനങ്ങൾ സന്നദ്ധരായി. അതുപോലെതന്നെ ഒററക്കണ്ണൻപോക്കരെ ചീത്തപറയാനും ഒററക്കണ്ണൻപോക്കർക്കു ചുണ്ണാമ്പു പോലും കൊടുക്കാതിരിക്കാനും ബഹുജനങ്ങൾ തീരുമാനിച്ചു.

'ഞമ്മളെന്തു തെററു ശെയ്തു' എന്ന് ഒററക്കണ്ണൻ പോക്കരു ചോദിക്കും. ബഹുജനങ്ങൾ ഒററക്കെട്ടായി നിന്നു വീറോടെ പറയും:

'താനാ പെണ്ണിനെ പൂഴ്ത്തിവെച്ച്, അതിനെ കരിഞ്ചന്തയിൽ വിൽക്കാൻ പോകുന്ന വിദേശസർക്കാരിൻെറ മൂഡുതാങ്ങി മുതലാളിത്ത പിന്തിരിപ്പൻ മൂരാച്ചിയല്ലേ?'

'ആയിക്കോട്ടെ. ഞമ്മളാ മണ്ടന് സൈനാബാനെ കെട്ടിച്ചു കൊടുക്കുകേല!'

'അ! കാണാമല്ലോ!'

അങ്ങനെ അതു ശരിക്കു കണ്ടുതുടങ്ങി. ഒരു പ്രകാരത്തിൽ നോക്കുമ്പോൾ അതു ബഹുജനസമരമായിരുന്നു. മണ്ടൻ മുത്തപാ മഹത്തായ നേതൃത്വം കൊടുത്തു എന്നു മാത്രം. കൂട്ടിന് ആനവാരി രാമൻനായർ, പൊൻകുരിശു തോമാ, എട്ടുകാലി മമ്മൂഞ്ഞ് മുതലായ പരമയോഗ്യന്മാരുമുണ്ട്. പിന്നെ സ്ഥലവാസികളെല്ലാവരും സമരം തന്നെ.

അതു തുടങ്ങിയത് എങ്ങനെ എന്നു പതുക്കെ പറയാം. ഒരു ചൊവ്വാഴ്ച. ചന്തയങ്ങനെ കൂടി സാവധാനം എരച്ചു വരികയായിരുന്നു. ഷാളില്ലാതെ മണ്ടൻ മുത്തപാ ചന്തയിൽ പ്രത്യക്ഷപ്പെട്ടു. കൈയിൽ ഒരു വെള്ളിരൂപായുമുണ്ടായിരുന്നു. അതിൽ മുത്തപാ കടിച്ചു രണ്ടുമൂന്നു പാടുണ്ടാക്കി. എന്നിട്ടു പറഞ്ഞു:

'വർക്കത്തൊള്ളതാ, സൈനബാ തന്നതാ!'

അതുമായി അദ്ദേഹം ഒററക്കണ്ണൻ പോക്കരുടെ കളിസ്ഥലത്തു ചെന്നു. പതിവുപോലെ അവിടെ ബഹുജനങ്ങൾ കൂടീട്ടുണ്ടായിരുന്നു.

'ഹായ്...! വെച്ചോ രാജാ വെച്ചോ.... ഒന്നു വെച്ചാ രണ്ട്, രണ്ടു വെച്ചാ നാല്.... പുള്ളിയേ വെച്ചാ ഞമ്മക്ക്... രൂപത്തേ വെച്ചാ നിങ്ങക്ക്.... നോക്കി വെച്ചോ!' എന്നിപ്രകാരം ഒററക്കണ്ണൻപോക്കര് പ്രസ്താവന പുറപ്പെടുവിക്കുന്നുണ്ടായിരുന്നു.

മണ്ടൻമുത്തപാ, വെള്ളിരൂപാ കൈയിലെടുത്തു തള്ളവിരലുകൊണ്ടു ഞൊട്ടിമണപ്പിച്ചു ശബ്ദമുണ്ടാക്കി.

ഒററക്കണ്ണൻ പോക്കർ മണ്ടൻ മുത്തപായെ ഒന്നു നോക്കി. എന്നിട്ടു പതിവില്ലാത്ത ഒന്നുരണ്ടു തകർപ്പൻ വാക്കുകൾകൂടി ഉപയോഗിച്ചുകൊണ്ടു വീറോടെ മുദ്രാവാക്യം മുഴക്കി :

'ഹായ്! ആരിക്കും വെക്കാം! ഏതു ചെററയ്ക്കും വെക്കാം. ഒന്നു വെച്ചാ രണ്ട്, രണ്ടു വെച്ചാ നാല്.... ഏതു കൈതമൂടുതാങ്ങിക്കും വെക്കാം. ഹായ്...! ഉഷാർ.... ഉഷാർ! നോക്കിവെച്ചോ!'

അങ്ങനെ ശർർപുക്കോന്നു ചീട്ടുകളിട്ടു. മണ്ടൻ മുത്തപാ ചീട്ടുകളിൽ ശ്രദ്ധിച്ചു നോക്കിയിട്ട് ഒന്നിൻെറ പുറത്ത് ഒരു രൂപാ വെച്ചു!

ഏതോ മർമസ്ഥാനത്തു തൊട്ടതുപോലെ ..... ഒററക്കണ്ണൻ പോക്കർ ഒന്നു ചൂളി. ഇരുപത്തിരണ്ടു കൊല്ലത്തെ മുച്ചീട്ടുകളിയിൽ, ഒററക്കണ്ണൻ പോക്കരുടെ അറിവോ, സമ്മതമോ കൂടാതെ ആരുംതന്നെ രൂപച്ചീട്ടിൻെറ, പുറത്തു പണം വെച്ചിട്ടില്ല. എങ്കിലും ചിലപ്പോൾ ചിലരുടെ ഭാഗ്യത്തിന് അങ്ങനെ സംഭവിച്ചിട്ടില്ലേ? ഒററക്കണ്ണൻപോക്കരിന് ഓർമിക്കാൻ കഴിയുന്നില്ല. മുച്ചീട്ടുകളിയും ഭാഗ്യവുമായി യാതൊരുവിധ ബന്ധവുമില്ല. വരത്തരായ ബഹുജനങ്ങൾ തോല്ക്കുകയും ഒററക്കണ്ണൻപോക്കർ ജയിക്കുകയും ചെയ്യുമെന്നുള്ളത് ഒരു അലംഘനീയനിയമംതന്നെയാണ്. എന്നാൽ—

ഒററക്കണ്ണൻ പോക്കരു ചീട്ടു മലർത്തി. ബഹുജനങ്ങൾ സന്തോഷത്താൽ ഒന്നു നടുങ്ങി. ഒരു ചെറിയ ആർപ്പുവിളിയും നടത്തി! മണ്ടൻ മുത്തപാ ഒരു ഭാവഭേദവും കാണിച്ചില്ല.

(രൂപച്ചീട്ടിൽ രൂപാ വെച്ചിരുന്നതുകൊണ്ട് ഒററക്കണ്ണൻ പോക്കർ പിരാകിക്കൊണ്ട് മണ്ടൻ മുത്തപായ്ക്ക് ഒരു രൂപാകൂടി കൊടുത്തു.)

'ഹായ്! വെച്ചോ, രാജാ വെച്ചോ.... എവനിക്കും വെക്കാം! ഏതു കയി തേൻെറ മോനിക്കും വെക്കാം. നോക്കിവെച്ചോ!'

കളി തുടങ്ങി. മണ്ടൻ മുത്തപാ ചീട്ടുകളിൽ ശ്രദ്ധയോടെ നോക്കിയിട്ടു രണ്ടു രൂപാ അങ്ങു വെച്ചു.

ഒററക്കണ്ണൻ പോക്കർ ചീട്ടു മലർത്തി: രൂപച്ചീട്ട്!— മണ്ടൻ മുത്തപായ്ക്ക് നാലു രൂപാ കിട്ടി!

കളി വീണ്ടും തുടങ്ങി. മണ്ടൻ മുത്തപാ നാലു രൂപാ മുഴുവനും അങ്ങു വെച്ചു. ഒററക്കണ്ണൻ പോക്കരു ചീട്ടു മലർത്തി. രൂപം.....! മണ്ടൻ മുത്തപായ്ക്ക് എട്ടു രൂപായായി.

ഒററക്കണ്ണൻ പോക്കർക്കു സങ്കടവും ദേഷ്യവും വന്നു. ബഹുജനങ്ങൾ ആർപ്പുവിളിച്ചു. ഒററക്കണ്ണൻ പോക്കരു കളി തുടങ്ങി. മണ്ടൻ മുത്തപാ എട്ടു രൂപാ മുഴുവനും അങ്ങു വെച്ചു. ഒററക്കണ്ണൻ പോക്കര് ചീട്ടു മലർത്തി. രൂപം!

മണ്ടൻ മുത്തപായുടെ പക്കൽ പതിനാറു വെള്ളിരൂപായായി. അദ്ദേഹം അത് അട്ടിയാക്കി ഇടതുകൈയിലേക്ക് ഓരോന്നായി ഒഴുക്കി മനോഹരമായ ശബ്ദം പുറപ്പെടുവിച്ചു. എന്നിട്ട് അതിൽ നിന്ന് അടയാളപ്പെടുത്തിയ രൂപാ വേർതിരിച്ചെടുത്തു ചുംബിച്ചിട്ടു മുണ്ടിൻെറ തുമ്പത്തു് കെട്ടി. എന്നിട്ടു ബഹുജനങ്ങളോടായിട്ടു പറഞ്ഞു:

'ഞമ്മളു പോക്കററടി മതിയാക്കി. ഞമ്മളൊര് ശായേൻെറ കച്ചോടം തൊടങ്ങാമ്പോണ്!'

അങ്ങനെ മണ്ടൻ മുത്തപാ വിജയശ്രീലാളിതനായി പോയി. ആനവാരി രാമൻനായർ, പൊൻകുരിശു തോമാ, എട്ടുകാലി മമ്മൂഞ്ഞ് എന്നീ കലാകാരന്മാരും കൂടെ. പിന്നെ സമരവീര്യമുള്ള ബഹുജനങ്ങളിൽ അധികഭാഗവും അദ്ദേഹത്തെ അനുഗമിച്ചു. മണ്ടൻമുത്തപായുടെ വിജയം സ്ഥലവാസികൾ എല്ലാവരും അറിഞ്ഞു. എല്ലാവരും സന്തോഷിച്ചു. മണ്ടൻ മുത്തപായുടെ വിജയം ബഹുജനങ്ങളുടെ വിജയമാണ്!

എന്നാൽ, ഒററക്കണ്ണൻ പോക്കരുടെ തോൽവിയിൽ അനുശോചിക്കാൻ ആരും ഉണ്ടായില്ല. കരിഞ്ചന്തക്കാരൻ, പൂഴ്ത്തിവെപ്പുകാരൻ, വിദേശസർക്കാരിൻെറ മൂടുതാങ്ങി. മൂരാച്ചിയുടെ തോൽവിയിൽ ആരു സഹതപിക്കാൻ?

അന്നു രാത്രി ഒററക്കണ്ണൻ പോക്കര് സൈനബയോടു പറഞ്ഞു :

'മോളേ, ബാപ്പാ ഇന്നു പതിനഞ്ചു രൂപാ തോററ്....... ആ മണ്ടൻ ഹറാമിയാ തോപ്പിച്ചത്!'

അതിന് സൈനബ കമാന്നൊരക്ഷരം പറഞ്ഞില്ല. സഹതാപം പ്രകടിപ്പിക്കുകയോ, ആഹ്ലാദം രേഖപ്പെടുത്തുകയോ ചെയ്തില്ല. ഒററക്കണ്ണൻ പോക്കർക്കു സങ്കടം, ദേഷ്യം, വാശി— ഇതെല്ലാംകൂടി പുകഞ്ഞു. അദ്ദേഹം തന്നത്താൻ പറഞ്ഞു:

'ഇഞ്ഞീം എൻെറ രൂപായൊണ്ട്! ആ മണ്ടൻ കയിത വരട്ടെ. ഇഞ്ഞീം ഒന്നു കളിച്ചുനോക്കാം. ചന്ത വരട്ടെ. പോക്കരു തോക്കുവോന്നു നോക്കാം!'

ചന്ത വന്നു. ആളുകൾ കൂടി. എരപ്പാരംഭിച്ചു. മുത്തപായുടെ ചായക്കടയുടെ ഉദ്ഘാടനം നേരത്തേ കഴിഞ്ഞിരുന്നു. പരമാർത്ഥത്തിൽ അവിടെ ചായയില്ല. വെറും ചക്കരക്കാപ്പിയും കടല പുഴുങ്ങിയതുമേയുള്ളൂ. രണ്ടു മൂന്നു ഗ്ലാസ്സുകളും വാഴയിലയും ഒരു പഴയ ബഞ്ചും..... രണ്ടു കെട്ടിടങ്ങളുടെ ഇടയിലുണ്ടായിരുന്ന ഒഴിഞ്ഞ ഇടുങ്ങിയ സ്ഥലമാണു കട. അവിടെ ചില മറകളും വിരികളുമെല്ലാം വച്ച്.... അങ്ങനെ ഹോട്ടൽ തുടങ്ങിയിരിക്കയാണ്. ഗ്ലാസ്സിൽ സ്പൂണിട്ടടിച്ചുകൊണ്ട് മണ്ടൻ മുത്തപാ ലോകത്തോടായി പറഞ്ഞു:

'ഹായ്...! ശുട് വൈനാടൻ കാപ്പി കുടിച്ചു പോ.... വെല തുച്ചം, ഗൊണം മെച്ചം...ഹായ് ശുട് വൈനാടൻ കാപ്പീ.'

അതെല്ലാം ഉച്ചതിരിയുന്നതിനു മുമ്പേ തീർന്നു. മണ്ടൻ മുത്തപാ കാശെല്ലാം എണ്ണി കടലാസിൽ പൊതിഞ്ഞിട്ട് ഒററക്കണ്ണൻ പോക്കരുടെ മുമ്പിൽ ഹാജരായി.

കളി വീറോടെതന്നെ തുടങ്ങി. ഒററക്കണ്ണൻ പോക്കര് അന്ന് ഇരുപതു രൂപാ തോററു. വിവരം അന്നു രാത്രി സൈനബയോടു പറഞ്ഞു. സൈനബ പറഞ്ഞു:

'ബാപ്പാ, അതിപ്പ എല്ലാരും പടിച്ചായിരിക്കും!'

'എടീ, ഹറാമ്പറന്നോളേ, ഈ ഇരുപത്തിരണ്ടു കൊല്ലമായിട്ട് ആരും ഇതു പടിച്ചില്ല. രണ്ടു ദെവസംകൊണ്ട് ആ കോങ്കണ്ണൻ മണ്ടനറാംപറന്നോൻ പടിച്ചതെങ്ങനെ?

സൈനബ മിണ്ടിയില്ല.

ഒററക്കണ്ണൻ പോക്കർ ചോദിച്ചു:

ആ 'കള്ളജുസാന മൂക്കിക്കോടെ പൊഹ വിടാൻ പടിപ്പിച്ചതാരാ?'

'ആ!'

അങ്ങനെ അടുത്ത ചന്ത. ഒററക്കണ്ണൻ പോക്കര് വളരെ തോററു. ഈവിധം പത്തുപന്ത്രണ്ടു ചന്തകൾ കഴിഞ്ഞു ഒററക്കണ്ണൻ പോക്കര് പാപ്പരായി. കടം വാങ്ങിച്ചു കളിച്ചു. ഒന്നിലും രക്ഷയില്ല! ഒടുവിൽ മണ്ടൻ മുത്തപായോട് ഒററക്കണ്ണൻ പോക്കർ കേണപേക്ഷിച്ചു:

'എൻെറ മകനിനി കളിക്കാൻ ബരര്ത്. നെനക്ക് ശന്തതോറും അഞ്ചു രൂപാട കാശ് തന്നേക്കാം!'

യാതനക്കാരനായ മണ്ടൻ മുത്തപാ പറഞ്ഞു:

'കാശൊന്നും ഞമ്മക്കു വേണ്ട. ഞമ്മക്കിപ്പ ശായക്കച്ചോടോണ്ട്. സൈനബാനെ കെട്ടിച്ചു തന്നാപ്പിന്ന ഞമ്മള് ഒരിക്കലും കളിക്കാൻ ബരിയേല!'

ഇതാണ് അന്ത്യശാസനം!

സൈനബയെ മണ്ടൻ മുത്തപായെക്കൊണ്ടു കെട്ടിക്കുക.....! അതിൽക്കുറഞ്ഞ് ഒന്നുംതന്നെ മണ്ടൻ മുത്തപാ സ്വീകരിക്കാൻ പോകുന്നില്ല. അതിൽ കുറഞ്ഞൊന്നുംതന്നെ സമരപാരമ്പര്യമുള്ള ബഹുജനങ്ങളും സ്വീകരിക്കാൻ പോകുന്നില്ല.

ഇനി എന്തു വഴി?

ഒററക്കണ്ണൻ പോക്കര് ബഹുജനങ്ങളിൽ പലരേയും കണ്ടു. പോലീസുകാരോടു പറഞ്ഞു. ആനവാരി രാമൻനായരോടു പറഞ്ഞു. പൊൻകുരിശു തോമായോടു പറഞ്ഞു. എട്ടുകാലി മമ്മൂഞ്ഞിനോടും.* എല്ലാവരുടെയും പ്രസ്താവന ഒന്നുതന്നെ.

'ചുമ്മാ ആ പെണ്ണിനെ മുത്തപായ്ക്കു കെട്ടിച്ചുകൊട്.....! അതിൽ കുറഞ്ഞൊന്നും ഞങ്ങൾക്കു സ്വീകാര്യമല്ല!'

'പെണ്ണൊടേതേ, ഹറാമ്പറന്നവൻ മണ്ടനാ!'

'പുകില്!'

ഒടുവിലെന്തിന്, സൈനബയെ മണ്ടൻ മുത്തപായെക്കൊണ്ട് ഒററക്കണ്ണൻ പോക്കരു കെട്ടിച്ചു! കല്യാണത്തിനു ബഹുജനങ്ങൾ എല്ലാവരും കൂടി. മണ്ടൻ മുത്തപായുടെ വക മുറുക്കാനും ബീഡിയും സർബത്തും ഉണ്ടായിരുന്നു. അന്നു രാത്രി സ്ഥലവാസികളുടെ വകയായി ചെറിയ തോതിൽ ഒരു വെടിക്കെട്ടും ഉണ്ടായിരുന്നു. അമിട്ട്, മാലപ്പടക്കം, വാണം, കുരവപ്പൂ!

ഇങ്ങനെ എല്ലാം മംഗളമായി പര്യവസാനിച്ചു. ശുഭം എന്നു പറയാമായിരുന്നു.

പക്ഷേ, ഒററക്കണ്ണൻ പോക്കരുടെ ഹൃദയത്തിൽ വല്ലതും മംഗളമായി, ശുഭമായി പര്യവസാനിച്ചോ! ഒന്നുമില്ല. അദ്ദേഹം മുച്ചീട്ടുകളി അവസാനിപ്പിച്ചു. ഒന്നിലും ഒരു രസമില്ല. അദ്ദേഹം പിണങ്ങി നടക്കുകയാണ്. സൈനബയോടു പിണക്കം. മണ്ടൻ മുത്തപായോടും പിണക്കം. സ്ഥലത്തെ രണ്ടു പോലീസു മൂരാച്ചികളോടും പിണക്കം. പൊൻകുരിശു തോമായോടും ആനവാരി രാമൻ നായരോടും പിണക്കം. എട്ടുകാലി മമ്മൂഞ്ഞിനോടും, ദുഷിച്ചുനാറിയ സാമുദായിക വ്യവസ്ഥിതിയോടും പിണക്കം. ചുരുക്കത്തിൽ എല്ലാവരോടും പിണക്കം. ഒന്നും തിന്നുകയില്ല; ഒന്നു കുടിക്കയുമില്ല. നിരാഹാരവ്രതം. മരണം വരെ നിരാഹാരവ്രതം.

പക്ഷേ, അതിൽനിന്നു ബഹുജനങ്ങൾ എല്ലാവരും ചേർന്ന് ഒററക്കണ്ണൻ പോക്കരെ രക്ഷിച്ചു. അദ്ദേഹത്തെ മണ്ടൻ മുത്തപായുടെയും സൈനബയുടെ

* എട്ടുകാലി മമ്മൂഞ്ഞ് എന്ന ചരിത്രം നോക്കുക- 'ഒരു ഭഗവദ്ഗീതയും കുറെ മുലകളും.'

യും കൂടെ കൊണ്ടുപോയി താമസിപ്പിച്ചു. ഹോട്ടലിൽത്തന്നെ. ഹോട്ടൽ പഴയമാതിരി ഒന്നുമല്ല. സാക്ഷാൽ ചായക്കട. സൈനബയുടെ പുട്ടും കടലയും പ്രസിദ്ധമാണ്. പററുപടിക്കാർ ജോർ. ആനവാരി രാമൻനായർ, പൊൻകുരിശു തോമാ, അവരുടെ ശിങ്കിടിയായ എട്ടുകാലി മമ്മൂഞ്ഞ്, വിദേശസർക്കാരിൻെറ രണ്ടു പോലീസു മൂരാച്ചികൾ. അവരെപ്പോലെ ഒററക്കണ്ണൻ പോക്കർക്കും, ഇഷ്ടംപോലെ തിന്നാം. ഒന്നിനും ഒരു കുറവുമില്ല. ഒരല്ലലുമില്ല. എങ്കിലും മണ്ടൻ മുത്തപായ്ക്ക് എപ്പോഴും രൂപച്ചീട്ടിൽ എങ്ങനെ രൂപ വെക്കാൻ സാധിച്ചു? ഈ ഒരേയൊരു ചോദ്യം അദ്ദേഹത്തെ സദാ അലട്ടിക്കൊണ്ടിരുന്നു. ഒടുവിൽ മണ്ടൻ മുത്തപായോടുതന്നെ ചോദിച്ചു. മണ്ടൻ മുത്തപാ പറഞ്ഞു:

'ബുദ്ധി.'

അതു ശരിയാണോ? മണ്ടൻമുത്തപാ എന്ന മാന്യന് എവിടന്നാണു ബുദ്ധി? നല്ല മാണിക്കാത്ത കാശുകൊടുത്തു ബീഡി വലിച്ചു മൂക്കിൽക്കൂടെ പുകവിടാൻ പഠിച്ച യോഗ്യനല്ലേ? മണ്ടൻ മുത്തപാ ബുദ്ധിമാനല്ലെന്ന് ഒററ ക്കണ്ണൻ പോക്കർക്ക് ഭംഗിയായി അറിയാം. വീണ്ടും വീണ്ടും അലട്ടിയപ്പോൾ മണ്ടൻ മുത്തപാ ആ രഹസ്യം അങ്ങു പറഞ്ഞു:

'എൻെറ കെട്ടിയോള് — സൈനബാ ജയിപ്പിച്ചതാ! മാമാ!'

സൈനബ ജയിപ്പിച്ചു! അതിനുള്ള തെളിവും പറഞ്ഞു. സത്യം തന്നെ. ഒരു നടുക്കത്തോടെ ഒററക്കണ്ണൻ പോക്കരു കണ്ടു. ചീട്ടുകുത്തിലെ എല്ലാ രൂപച്ചീട്ടിലും അടയാളം.....! ഓരോന്നിൻെറയും മൂലകളിൽ സൂചികൊണ്ടുള്ള നാലു ചെറിയ കുത്തുകൾ!

'പറ മകനേ. ഒററക്കണ്ണൻ പോക്കർ ഈ വിനീത ചരിത്രകാരനോടു പറയുകയാണ്, 'പെമ്മക്കള് ഒന്നിനേങ്കിലും ജീവദനോടെ വെച്ചേക്കാവോ?'

മംഗളം.

ശുഭം!